# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് - 2019-20 സാമ്പത്തിക വർഷത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി പൂർവ്വവിദ്യാർത്ഥിസംഗമം പരിപാടി നടത്തിയതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നുള്ള 07/09/2019-ലെ ഇതേ നമ്പർ ഉത്തരവ്.

(2) കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 24/03/2021-ലെ CCHGK/237/19 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/4841/2019 തീയതി : 28/04/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിൽ 2019-20 സാമ്പത്തിക വർഷം ഓണം, ക്രിസ്തുമസ്, ഈദ്, വാർഷിക ആഘോഷം തുടങ്ങിയ ദിനങ്ങളിൽ സ്ഥാപനത്തിലെ കുട്ടികളുടെ മാനസികോല്ലാസത്തിനായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭരണാനുമതി ലഭ്യമായ 11,25,000/-രൂപയുടെ 50% തുകയായ 5,62,500/-രൂപ 16 ചിൽഡ്രൻസ് ഹോമുകൾക്കായി അനുവദിച്ചിരുന്നു. ടി തുകയിൽ നിന്നും കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിന് പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഭരണാനുമതി ലഭിച്ച 50,000/-രൂപയുടെ 50% തുകയായ 25,000/-രൂപ പരാമർശം ഒന്ന് ഉത്തരവ് പ്രകാരം അഡ്വാൻസായി അനുവദിച്ചിരുന്നു.

പരാമർശം രണ്ട് പ്രകാരം 2019-20 സാമ്പത്തിക വർഷം സ്ഥാപനത്തിൽ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചതിൽ 24,733/-രൂപ (വിവിധ പരിപാടികളുടെ നടത്തിപ്പിനായി 13,133/-രൂപയും ലൈറ്റ് ആൻഡ് സൗണ്ട് വാടകയിനത്തിൽ 11,600/-രൂപയും) ചെലവായതായും, ബാക്കി 267/-രൂപ തിരിച്ചടക്കുകയും ചെയ്തതായി സ്ഥാപന സൂപ്രണ്ട് അറിയിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി പൂർവ്വവിദ്യാർത്ഥിസംഗമം പരിപാടി നടത്തുകയും പ്രസ്തുത പരിപാടിയ്ക്കായി ആകെ 25,267/-രൂപ ചെലവായതായും പ്രസ്തുത തുക അനുവദിക്കണമെന്നും സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

PTO

സൂപ്രണ്ടിൻെറ അപേക്ഷ പരിഗണിച്ച് കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ 2019-20 സാമ്പത്തിക വർഷം കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി പൂർവ്വവിദ്യാർത്ഥിസംഗമം പരിപാടി നടത്തിയതിലേയ്ക്കായി ചെലവായ കുടിശ്ശിക തുകയായ 25,267/-രൂപ (ഇരുപത്തി അഞ്ചായിരത്തി ഇരുനൂറ്റി അറുപത്ത് ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (25,267/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
കണ്ണൂർ

പകർപ്പ്

1) സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
തലശ്ശേരി, കണ്ണൂർ
2) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3) ഐ.സി.പി.എസ്-4
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി
6) വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT